M 8325

Reg. No.: ..............................

Name : ..................................

GOVT. BRENNEN COLLEGE CENTRAL LIBRARY THALASSERY

**VI Semester B.A. Degree (CCSS – Reg./Supple./Improve.) Examination, May 2015**
**CORE COURSE IN MALAYALAM**
**6 B 15 MAL : ആത്മകഥ ജീവചരിത്രം – സഞ്ചാരസാഹിത്യം**
**(2012 Admn.)**

Time : 3 Hours

Max. Weightage : 30

I. താഴെ കൊടുത്തിട്ടുള്ള **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക. **ഓരോ** വിഭാഗത്തിന്റെയും മൂല്യം വെയിറ്റേജ് **1.** **(4×1=4 വെയിറ്റേജ്)**

1) **ഒറ്റ** വാക്കിൽ ഉത്തരമെഴുതുക.

എ) ചങ്ങമ്പുഴ കൃഷ്ണപിള്ള ജനിച്ച വർഷമേത് ?

ബി) മയിലമ്മ ഏത് വിഭാഗത്തിൽ പെട്ട ആദിവാസിയാണ് ?

സി) കഥകളിയിലെ 'സൂപ്പർ സ്റ്റാർ' എന്ന് ഹൈദ്രാലി വിശേഷിപ്പിച്ചതാരെ ?

ഡി) ചങ്ങമ്പുഴയുടെ കവിത ആദ്യമായി പ്രകാശിതമായ മാസികയേത് ?

2) ബ്രാക്കറ്റിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുത്ത് എഴുതുക.

എ) സി. ജെ. തോമസിനെക്കുറിച്ച് റോസി തോമസ് എഴുതിയ പുസ്തകം ?

(പ്രിയ സി. ജെ., ഇവൻ എന്റെ പ്രിയ സി. ജെ., സി. ജെ. പ്രിയപ്പെട്ട സി. ജെ., റോസിയും സി. ജെ.യും)

ബി) 'കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം' ആരുടെ ആത്മകഥ ?

(മാധവിക്കുട്ടി, പൊക്കുടൻ, സി. കെ. ജാനു, എസ്. കെ. പൊറ്റെക്കാട്ട്)

സി) 'കാപ്പിരികളുടെ നാട്ടിൽ' എന്ന പുസ്തകം എഴുതിയാര് ?

(സച്ചിദാനന്ദൻ, രവീന്ദ്രൻ, എസ്. കെ. പൊറ്റെക്കാട്ട്, സക്കറിയ)

ഡി) കഥകളിയിലെ പ്രധാന പാട്ടുകാരനെ വിളിക്കുന്ന പേര് ?

(പൊന്നാനി, കയ്യാൾ, ദേശികൻ, ശിങ്കിടി)

P.T.O.

3) താഴെ കൊടുത്തിട്ടുള്ള കൃതികളുടെ കർത്താക്കൾ ആരെന്നെഴുതുക.

എ) നൈൽഡയറി

ബി) ജീവിതപ്പാത

സി) കവിയുടെ കാൽപ്പാടുകൾ

ഡി) ആമേൻ.

4) **ഒറ്റ** വാക്കിൽ ഉത്തരമെഴുതുക.

എ) വി. ടി. യുടെ മുത്തഫൻ കണ്ടുപിടിച്ച അത്ഭുത സാധനം എന്താണ് ?

ബി) സമസ്തകേരള സാഹിത്യപരിഷത്തിന്റെ 1102 മേടത്തിലെ സമ്മേളനം എവിടെയാണ് നടന്നത് ?

സി) 'മേൽക്കുമേലെങ്ങതാ നല്ല കാവ്യകാരൻ' ആരെയാണ് ഇവിടെ പരിഹസിക്കുന്നത് ?

ഡി) മയിലമ്മയുടെ അമ്മയുടെ പേരെഴുതുക.

5) ചേരും പടി ചേർക്കുക.

| | | | |
|---|---|---|---|
| a) | എന്റെ കഥ | – | സച്ചിദാനന്ദൻ |
| b) | കിഴക്കും പടിഞ്ഞാറും | – | ഈച്ചരവാര്യർ |
| c) | ആദികൈലാസയാത്ര | – | മാധവിക്കുട്ടി |
| d) | ഒരച്ഛന്റെ ഓർമ്മക്കുറിപ്പുകൾ | – | എം. കെ. രാമചന്ദ്രൻ |

II. **എഴുപത്തഞ്ചു** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(4×1=4 വെയിറ്റേജ്)**

6) ''കാമദേവനെ ദഹിപ്പിച്ച ശിവന്റെ തൃക്കൺ പോലെ അവളുടെ നോട്ടത്തിൽ ഞാനും ദഹിക്കുമോ എന്നു തോന്നി''. സന്ദർഭമെഴുതി സാരസ്യം വ്യക്തമാക്കുക.

7) ''ചട്ടിക്കുളി ഏതായാലും പൊട്ടക്കുളിതന്നെ. കുളിച്ചാൽ കുളിച്ചപോലയേ തോന്നില്ല''. വിവക്ഷിതം വ്യക്തമാക്കുക.

8) ''അവിടെയെത്തിയാൽ എല്ലാം മറക്കും. എത്ര ഭാംഗ് കഴിച്ചാലും ആ അനുഭൂതി കിട്ടുകയില്ല''. എവിടെയെത്തിയാൽ ? വിശദമാക്കുക.

9) 'ശാസ്ത്രീയസംഗീതം പോലും അദ്ദേഹത്തോട് കടപ്പെട്ടില്ലേ ?' ആരോട് ? – വിശദീകരിക്കുക.

10) ''ഇത്രയ്ക്ക് ആഭാസവും ആക്ഷേപാർഹവുമായ അന്നത്തെ ജീവിതാനുഭവങ്ങൾ ഓർക്കുമ്പോൾ ഇന്ന് ഞാൻ നടുങ്ങിപ്പോകുന്നു''. സന്ദർഭമേത് ? വിശദമാക്കുക.

11) 'എ. പി. ബി. നായരെ' ചങ്ങമ്പുഴ സന്ദർശിച്ച സംഭവം വിശദമാക്കുക.



III. **നൂറ്റിയൻപതു** വാക്കിൽ കവിയാതെ **അഞ്ച്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(5×2=10 വെയിറ്റേജ്)**

12) ''ആ അത്ഭുതസാധനം കണ്ടുപിടിച്ചതിനെപ്പറ്റി ചരിത്രഗവേഷകന്മാർ നിർവചിച്ച് കേട്ട കഥ ഇതാണ് ''. ഏതാണ് ആ കഥ ?

13) കാലി കമ്പിളിബാബയെക്കുറിച്ച് വിശദീകരിക്കുക.

14) 'കഥകളിയെപ്പറ്റി എട്ടും പൊട്ടും തിരിയാത്ത പതിനാലാമത്തെ വയസ്സിലാണ് എനിക്ക് ഈ അനുഭവം' – ഹൈദരാലിയുടെ അനുഭവം വിശദീകരിക്കുക.

15) ''ഈ പോരാട്ടം ചെലപ്പഴ് ജയിക്കുവായിര്ക്കും. ചെലപ്പഴ് തോൽക്കും. എന്നാലും ജീവിക്കാണെന്നാല് എല്ലാവിരും ജീവിക്കും. മരിക്കാണെങ്കില് എല്ലാവിരും മരിക്കും ചെയ്യും''. ആരുടെ വാക്കുകൾ ? സന്ദർഭമേത് ?

16) ''പാവപ്പെട്ടവരുടെ കണ്ണീരു തുടയ്ക്കാൻ ജന്മമെടുത്ത ഒരവതാര പുരുഷൻ തന്നെ യായിരുന്നു ഒരർഥത്തിൽ അദ്ദേഹം''. ആര് ? വിശദമാക്കുക.

17) ''മനുഷ്യരെ ആത്മഹത്യക്ക് പ്രേരിപ്പിക്കുന്ന സാഹിത്യം പിന്തിരിപ്പനാണ്.'' എന്ന് എം. കെ. സാനു പറയുന്നതിന്റെ കാരണമെന്ത് ?

18) ഒരു നല്ല ജീവചരിത്ര കൃതിക്കുണ്ടായിരിക്കേണ്ട പ്രത്യേകതകൾ എന്തെല്ലാം ?

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(3×4=12 വെയിറ്റേജ്)**

19) 'ഒരു ആഖ്യായിക പോലെ വായിച്ചു പോകാവുന്ന ജീവചരിത്രകൃതിയാണ് 'ചങ്ങമ്പുഴ കൃഷ്ണപിള്ള : നക്ഷത്രങ്ങളുടെ സ്നേഹഭാജനം' – പരിശോധിക്കുക.

20) 'ആമസോണും കുറേ വ്യാകുലതകളും' എന്ന യാത്രാവിവരണകൃതിയുടെ ആഖ്യാനപരമായ മേന്മകൾ വിശദമാക്കുക.

21) കേരളീയ നവോത്ഥാനത്തെ അടയാളപ്പെടുത്തിയ ആത്മകഥയാണ് 'കണ്ണീരും കിനാവും' – വിലയിരുത്തുക.

22) ആഗോളവൽക്കരണത്തിന്റെ ദുരിതം കേരളീയമണ്ണിൽ വിതച്ചതിനെതിരെയുള്ള ശക്തമായ പ്രതിരോധമാണ് മയിലമ്മയുടെ ജീവിതം – പരിശോധിക്കുക.

23) ആത്മകഥയും ജീവചരിത്രവും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ വിവരിക്കുക.